**സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ**

# ബൈബിൾ സെമിനാരി സ്തോത്രകാഴ്ച

## 2022 ഏപ്രിൽ 3 ഞായർ

**പിരിഞ്ഞുകിട്ടേണ്ട തുക: എട്ട് ലക്ഷം (8,00,000/-) രൂപ**

**സഭയിലെ എല്ലാ ഇടവകകളിലേക്കും പട്ടക്കാർക്കും,**
*കർത്താവിൽ പ്രിയരെ,*

ക്രിസ്തു യേശുവിന്റെ ധന്യ നാമത്തിൽ ഏവർക്കും സ്നേഹവന്ദനം.

ദൈവത്തിന്റെ അളവറ്റ കൃപയാൽ, കോവിഡ്-19 മഹാമാരിയുടെ ഈ കാലത്തും സഭയുടെ സുവിശേഷ പ്രവർത്തനങ്ങളും ആത്മീക ശുശ്രൂഷകളും അനുഗ്രഹപ്രദമായി നടക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ ദൗത്യനിർവ്വഹണത്തിൽ മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന സഭയുടെ പ്രവർത്തകരേയും ആവശ്യമായ കൈത്താങ്ങൽ നല്കുന്ന സഭയിലെ പ്രിയ ദൈവജനത്തേയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും സഭയുടെ സന്തോഷം ഏവരേയും അറിയിക്കുകയും ചെയ്യുന്നു. സഭയുടെ സുവിശേഷീകരണ പ്രവർത്തനങ്ങൾ ഏറെ അനുഗ്രഹപ്രദമായി തീരുന്നതിന് തുടർന്നും ഏവരുടേയും പ്രാർത്ഥനയും സഹായ സഹകരണവും അഭ്യർത്ഥിക്കുന്നു.

സഭയുടെ നാഥനായ കർത്താവ് തന്റെ അരുമശിഷ്യന്മാർക്ക് കൊടുത്ത മഹാനിയോഗമാണ് ലോകമെമ്പാടും സുവിശേഷം പ്രചരിക്കുന്നതിന് ഇടയായിക്കൊണ്ടിരിക്കുന്നത്. ആ മഹാനിയോഗത്തിന് ചുമൽക്കൊടുക്കുവാൻ ഒരു സഭയായി കർത്താവ് നമ്മളെയും വിളിച്ച് വേർതിരിച്ചു. ഭാരതത്തിലും വിദേശ രാജ്യങ്ങളിലും ദൈവം നമുക്ക് കൂടിവരവുകൾ ഒരുക്കിത്തന്നു. ഒരു സുവിശേഷവിഹിത മിഷനറി സഭയായി സാക്ഷ്യം വഹിക്കാൻ നമ്മെ സഹായിക്കുന്ന ദൈവത്തിന് സ്തോത്രം. നശിച്ച് പോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരം നാം ഏറ്റെടുക്കണം. അവരെ നേടുന്നതിന് വിളിയും സമർപ്പണവുമുള്ള യുവജനങ്ങൾ എഴുന്നേല്ക്കണം. ആത്മീയ ദർശനവും, സമർപ്പണവും, സാക്ഷ്യവും വിദ്യാഭ്യാസമുള്ളവരുമായ യുവജനങ്ങളെ സഭാ ശുശ്രൂഷയ്ക്കും സേവനത്തിനുമായി നമ്മൾ പ്രോത്സാഹിപ്പിക്കണം. സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ട യുവജനങ്ങളെ ശുശ്രൂഷയ്ക്കായി ഒരുക്കുന്നതിന് ബൈബിൾ സെമിനാരികളിലയച്ച് പഠിപ്പിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്തവുമാണ്.

സെമിനാരികളിലയച്ച് പഠിപ്പിക്കുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് ഒരു വർഷത്തെ പഠനത്തിന് ഒരു ലക്ഷം രൂപയിലധികം ചെലവുണ്ടാകും. സഭ സ്പോൺസർ ചെയ്തയക്കുന്നവരുടെ ചെലവുകളിൽ ഏറിയ പങ്കും സഭ തന്നെയാണ് നിർവ്വഹിക്കുന്നത്. സഭയുടെ ബൈബിൾ കോളജായ മദ്രാസിലെ JMBC - യിലും പൂണെയിലെ UBS ലും മറ്റും സഭ സ്പോൺസർ ചെയ്യുന്ന വിദ്യാർത്ഥികൾ പഠിക്കുന്നു. വിദ്യാർത്ഥികളുടെ ചെലവുകൾക്കും, പട്ടത്വശുശ്രൂഷയിലേക്ക് പരിശീലനം നടത്തുന്നതിനും മറ്റുമായി ഈ വർഷം 8 ലക്ഷം രൂപ ആവശ്യമാണ്. പട്ടത്വ ശുശ്രൂഷയിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നവരെ പരിശീലിപ്പിക്കുന്നതിനായി തിരുവല്ലയിലും ഒരു സെമിനാരി പ്രവർത്തിച്ചുവരുന്നു.

മേൽപ്പറഞ്ഞ ആവശ്യങ്ങൾ മനസ്സിലാക്കി 2022 ഏപ്രിൽ മാസം 3-ാം തീയതി ഞായറാഴ്ച നടക്കുന്ന സ്തോത്രകാഴ്ചയിൽ ഓരോ ഭവനത്തിൽ നിന്നും ദൈവം നൽകുന്ന പ്രാപ്തിക്കനുസരണമായി സംഭാവന നല്കുവാൻ അപേക്ഷിക്കുന്നു.

ബൈബിൾ സെമിനാരി സ്തോത്രകാഴ്ചയ്ക്ക് പതിവുപോലെ ഇൻഡ്യയിലുള്ള എല്ലാ ഇടവകകൾക്കും ഇതോടൊപ്പം കവറുകൾ അയയ്ക്കുന്നു. ബാഹ്യ ഇൻഡ്യയിലുള്ള ഇടവകകളുടെ ചുമതലക്കാർ എല്ലാ ഭവനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് അയച്ചുതരുമാറാകണം. ഈ സ്തോത്രകാഴ്ചശേഖരം വിജയിപ്പിക്കുവാൻ ബഹു. പട്ടക്കാരും, ഇടവക ചുമതലക്കാരും പ്രത്യേകം ഉത്സാഹിക്കേണമേ. പിരിഞ്ഞുകിട്ടുന്ന തുക അന്നത്തെ സ്തോത്രകാഴ്ച ഉൾപ്പടെ അടുത്ത ദിവസം തന്നെ **ട്രഷറാർ, സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ, തിരുവല്ല - 5** എന്ന വിലാസത്തിൽ അയച്ചുതരണമെന്നപേക്ഷിക്കുന്നു.

ദൈവം ഏവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*കർത്തൃശുശ്രൂഷയിൽ,*

**റവ. ഏബ്രഹാം ജോർജ്ജ്**
സഭാ സെക്രട്ടറി

*തിരുവല്ല - 5*
*01-03-2022*

ST. THOMAS EVANGELICAL CHURCH OF INDIA
I AM THE WAY, THE TRUTH AND THE LIFE
THIRUVALLA